**കേരള സർക്കാർ**

**സംഗ്രഹം**

അയഡിൻ അപര്യാപ്തത രോഗങ്ങളുടെ നിയന്ത്രണത്തിനുള്ള ദേശീയ പരിപാടിയുടെ (ഐ.ഡി.ഡി. സെൽ) കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതിലേയ്ക്കായി പലിശ രഹിത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.4357/2018/ധന.** തിരുവനന്തപുരം, തീയതി **21/05/2018**

പരാമർശം:-
1. 24/03/2018 തീയതിയിലെ സ.ഉ.(സാധാ)നം.958/2018/H&FWD
2. ഭരണ വകുപ്പ് ഫയൽ നം. HEALTH-E2/200/2018-HEALTH Computer No : 799645
3. 27/03/2018 തീയതിയിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ബി2-29336/17/ആ.വ.ഡ. നം. കത്ത്.

**ഉത്തരവ്**

അയഡിൻ അപര്യാപ്തത രോഗങ്ങളുടെ നിയന്ത്രണത്തിനുള്ള ദേശീയ പരിപാടിയുടെ (ഐ.ഡി.ഡി. സെൽ) കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പ് അനുമതി നൽകിയിരുന്നു. ടി അക്കൗണ്ട് ആരുടെ പേരിലാണ് തുടങ്ങേണ്ടതെന്ന് പരാമർശ ഉത്തരവിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ മേൽ വിവരം ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി അയഡിൻ അപര്യാപ്തത രോഗങ്ങളുടെ നിയന്ത്രണത്തിനുള്ള ദേശീയ പരിപാടി (ഐ.ഡി.ഡി. സെൽ) കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി എൻ. എച്ച്. എം. നൽകുന്ന ഫണ്ട് നിക്ഷേപിക്കാനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് , കുടുംബക്ഷേമത്തിന്റെ പേരിൽ ജില്ലാ ട്രഷറി, തിരുവനന്തപുരത്ത് ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനായി അനുവാദം നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ/ജി.& എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് (HEALTH-E2/200/2018-HEALTH Computer No : 799645 )
ധനകാര്യ (H&L-A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ